**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5974** **09-11-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിന് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. കെ. പ്രേംകുമാർ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ മാനേജ് ചെയ്യുന്നതുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് വകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പ്രവേശനം, വിദ്യാഭ്യാസാനുകൂല്യം തുടങ്ങിവയെല്ലാം നടപ്പിലാക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട അസിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കാണ്. അർഹരായ അപേക്ഷകർക്ക് ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേന സ്ഥാപന മേധാവികൾ യഥാവിധി ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലേയ്ക്ക് അയ്ക്കുകയും അവിടെ നിന്നും അപ്രൂവൽ വാങ്ങി അപ്രൂവൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സ്ഥാപന മേധാവികൾ ക്ലെയിം സ്റ്റേറ്റ് മെന്റ് അയയ്ക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസാനുകൂല്യം വിദ്യാർത്ഥികൾക്ക് ബാങ്ക് അക്കൗണ്ടിൽ അനുവദിക്കുന്നു. ഇതിൻമേൽ ഉണ്ടാകുന്ന പരാതികൾ ഡയറക്ടർ നേരിട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | കേരളത്തിന് പുറത്തും വിദേശത്തും പഠനം നടത്തുന്നതിനായി പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിദേശത്ത് തൊഴിൽ നേടുന്നതിന് പ്രത്യേകമായ സഹായം നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | ഉണ്ട്. കേരളത്തിനു പുറത്ത് മറ്റ് സംസ്ഥാനങ്ങളിലെ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് സ.ഉ.(അച്ചടി)50/2009/ പജപവവിവ, തീയതി, 02.07.2009 ഉത്തരവ് പ്രകാരവും, കേന്ദ്ര സർക്കാരിന്റെ കാലാകാലങ്ങളിൽ ഇറങ്ങുന്ന ഗൈഡ് ലൈൻ പ്രകാരവും ഗവ: ഓഫ് ഇന്ത്യ/ ഗവ: ഓഫ് കേരള സ്കോളർഷിപ്പ് അനുവദിച്ച് വരുന്നുണ്ട്. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠിക്കുന്നതിനായി 04.10.2017-ലെ G.O.(MS)81/17/SCSTDD ഉത്തരവിലെ മാനദണ്ഡപ്രകാരം അനുകൂല്യം അനുവദിക്കുന്നുണ്ട്. അപേക്ഷിക്കുന്ന സമയത്ത് അപേക്ഷകന് 35 വയസ്സ് |

| | | | |
|---|---|---|---|
| | | | കഴിയുവാൻ പാടില്ല. TIMES-ന്റെ ലോക റാങ്കിന്റെ 500 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പി.ജി. പഠനം നടത്തുന്നവർക്കാണ് ആനുകൂല്യം നൽകുന്നത്. അപേക്ഷകൻ യോഗ്യത പരീക്ഷയിൽ 55%-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. ഇംഗ്ലീഷ് പരിജ്ഞാനം കാണിക്കുന്നതിനുള്ള IELTS/GRE/TOEFL എന്നിവയിൽ ഏതെങ്കിലും ടെസ്റ്റ് പാസ്സായിരിക്കണം. വിദേശത്ത് അഡ്മിഷൻ ആകാൻ പോകുന്ന കോഴ്സിനുള്ള unconditional ഓഫർ ലെറ്റർ ലഭിച്ചിരിക്കണം. G.O.(MS)22/2019/SCSTDD, dated, 19.03.2019 പ്രകാരം പരമാവധി 25 ലക്ഷം രൂപ ട്യൂഷൻ ഫീസ്, ലിവിംഗ് എക്സ്പെൻസ്സ്, വിമാനയാത്രാ ചാർജ്ജ്, വിസ ചാർജ്ജ്, ഇൻഷ്വറൻസ് എന്നിവയ്ക്കായി അനുവദിക്കുന്നു. അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ച പട്ടികജാതി യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിന് യാത്രയ്ക്കും വിസ സംബന്ധമായ ചെലവുകൾക്കുമായി 1,00,000/-രൂപ വരെ ധനസഹായം നൽകുന്നു. ഇൻഡ്യൻ പാസ്പോർട്ട്, വിദേശ തൊഴിൽ ദാതാവിൽ നിന്നും ലഭിച്ച തൊഴിൽ കരാർപത്രം, വിസ എന്നിവ സഹിതം അപേക്ഷ നൽകേണ്ടതാണ്. വാർഷിക വരുമാനം 2,50,000/-രൂപയിൽ താഴെ വരുമാനമുള്ള 20നും 50നും മദ്ധ്യേ പ്രായമുള്ളവർക്കാണ് അപേക്ഷിക്കാൻ അർഹത. |
| (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കും ചികിത്സയ്ക്കുമായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സമഗ്ര ആരോഗ്യ പരിരക്ഷയ്ക്കും ചികിത്സയ്ക്കുമായി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം 50,000/- രൂപ വരെ ചികിൽസാ ധനസഹായം അനുവദിക്കുന്നുണ്ട്. ഇവരിൽ ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/-രൂപ വരെയും നൽകുന്നു. |

സെക്ഷൻ ഓഫീസർ